"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - പൊതു തിരഞ്ഞെടുപ്പ് ദിവസമായ 2026 ഏപ്രിൽ ഒൻപതാം തീയതി നിശ്ചയിച്ചിട്ടുള്ള കാരുണ്യ പ്ലസ് (KN-618) ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് റദ്ദുചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.334/2026/TAXES    തീയതി,തിരുവനന്തപുരം, 23-03-2026

---

പരാമർശം:-    സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 19.03.2026-ലെ SLTY/1413/2021-S2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പൊതു തിരഞ്ഞെടുപ്പ് നിശ്ചയിച്ചിട്ടുള്ള 2026 ഏപ്രിൽ ഒൻപതാം തീയതി നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്ട് പ്രകാരം പൊതു അവധി ആയതിനാൽ അന്നേ ദിവസം നറുക്കെടുപ്പ് നടത്തേണ്ട കാരുണ്യ പ്ലസ് (KN-618) ഭാഗ്യക്കുറിയുടെ വില്പന ബ്രേക്ക്-ഇവൻ ലെവലിൽ എത്താനുള്ള സാധ്യത കുറവാണെന്നും, അതിനാൽ സർക്കാരിനുണ്ടാകാനിടയുള്ള സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനായി പ്രസ്തുത ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും പരാമർശ കത്ത് പ്രകാരം സംസ്ഥാന ഭാഗ്യകുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, Kerala Paper Lotteries (Regulation) Amendment Rules, 2024 ചട്ടം 3(6 B) സർക്കാരിന് നല്കുന്ന അധികാരം വിനിയോഗിച്ച് പൊതുതിരഞ്ഞെടുപ്പ് ദിവസമായ 09.04.2026-ന് നറുക്കെടുപ്പ് നിശ്ചയിച്ചിട്ടുള്ള (KN-618) ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**KABEER C A**
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (TAXES-H1/75/2026-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 23-03-2026 14:13:24

സെക്ഷൻ ഓഫീസർ